**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1815**
**17.03.2015 ലെ മറുപടിയ്ക്ക്**

**<u>ലോക്കൽ ഫണ്ട് ഓഡിറ്റ്, പി. എസ്. സി. വകുപ്പുകളിൽ പുതിയ തസ്തികകൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| ലോക്കൽ ഫണ്ട് ഓഡിറ്റ്, പി. എസ്. സി. തുടങ്ങിയ വകുപ്പുകളിൽ പുതിയ എത്ര പോസ്റ്റിന്റെ പ്രൊപ്പോസൽ ആണ് സർക്കാറിന് ലഭിച്ചിട്ടുള്ളത്; അതിൽ എടുത്ത തീരുമാനമെന്താണെന്ന് അറിയിക്കാമോ? | : | **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**<br>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലേക്ക് 418 പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാറിന് ലഭിച്ചിരുന്നു. എന്നാൽ ഓഡിറ്റ് ജോലികൾ കാലികമാക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനുമായി 'എയിംസ്' എന്ന സോഫ്റ്റ് വെയർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതിനാലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നതിനാലും അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും ആയവ പൂർണ്ണമായി നടപ്പിലാക്കിയതിന് ശേഷം മാത്രം പുനഃപരിശോധിച്ചാൽ മതിയെന്നുമാണ് സർക്കാർ എടുത്ത തീരുമാനം.<br>**പി. എസ്. സി.**<br>കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ താൽക്കാലികമായി (2 വർഷത്തേക്ക്) 13 പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന പി. എസ്. സി യുടെ പ്രൊപ്പോസൽ 05.11.2013 ന് സർക്കാറിന് ലഭിച്ചിരുന്നു. ആയത് അടുത്ത സാമ്പത്തിക വർഷത്തിൽ സമർപ്പിക്കുന്നതിന് സർക്കാർ പി. എസ്. സിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ